## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-5531 28.07.2015-ൽ മറുപടിയ്ക്ക്

### ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികകൾ

**ചോദ്യം** **ഉത്തരം**

ശ്രീ. വി. ശശി

ഡോ. എം.കെ. മുനീർ,
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| ക്രമ നമ്പർ | ചോദ്യം | | ഉത്തരം. |
|---|---|---|---|
| (എ) | പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയും സീനിയർ സൂപ്രണ്ട് തസ്തികയും പരസ്പരം മാറാവുന്ന തരത്തിലുള്ളതാണോ; | (എ) | അതെ |
| (ബി) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക, സീനിയർ സൂപ്രണ്ട് തസ്തികയുടെ താഴെയുള്ള തസ്തികയായി മാറ്റാൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അതിലുള്ള അഭിപ്രായം വ്യക്തമാക്കാമോ; | (ബി) | ഒമ്പതാം ശമ്പള കമ്മീഷൻ ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവ 18740-33680 രൂപ ശമ്പള നിരക്കിലുള്ളതും പരസ്പരം മാറാവുന്നതുമായ തസ്തികകൾ ആണ്. പത്താം ശമ്പള കമ്മീഷൻ ശുപാർശ പ്രകാരം 18740-33680 രൂപ ശമ്പള നിരക്കിലുള്ള സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ എന്നീ തസ്തികകൾക്ക് 20740-36140 രൂപ ശമ്പള നിരക്കിന്റെ പരിഷ്കരിച്ച നിരക്കായ 41500-83000 രൂപ ശമ്പള നിരക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികക്ക് 18740-33680 രൂപ ശമ്പള നിരക്കിന്റെ പരിഷ്കരിച്ച നിരക്കായ 37500-75600 രൂപ ശമ്പള നിരക്കുമാണ് ശുപാർശ ചെയ്തിട്ടുള്ളത്. മേൽ ശുപാർശ നടപ്പിലായാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ/സീനിയർ സൂപ്രണ്ട് തസ്തികകളുടെ താഴെയുള്ള തസ്തികയായി മാറുന്നതാണ്. ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഉണ്ടാകുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡയറക്ടറുടെ അഭിപ്രായം എന്തെന്ന് അറിയിക്കുമോ; | (സി) | അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത 114 ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ അനുവദിക്കണം എന്നാവശ്യപ്പെട്ട് 40 ഗ്രാമപഞ്ചായത്തുകൾ പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. 114 ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക അനുവദിക്കണമെന്നതാണ് പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം. |

**സെക്ഷൻ ഓഫീസർ**